(ബി) ഇത് എത്ര വർഷമായി തുടർന്നു വരുന്ന സമ്പ്രദായമാണ്;

(സി) ഇതനുസരിച്ച് ഡോക്ടർമാരുടെ എണ്ണം പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇത് പുനഃപരിശോധിച്ച് കൂടുതൽ രോഗികൾവന്നെത്തുന്ന താലൂക്ക് ആശുപത്രികളിലെങ്കിലും ഉച്ചയ്ക്ക് ശേഷമുള്ള ഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ആശുപത്രി സൂപ്രണ്ട് ഒഴികെ ഏഴോ അതിൽ കൂടുതലോ ഡോക്ടർമാരുള്ള താലൂക്കാശുപത്രികളിൽ ഉച്ചയ്ക്ക് ഒരുമണിയ്ക്കുശേഷം ഓരോ ഡോക്ടർമാരെ വീതം ടേൺ ഡ്യൂട്ടിക്ക് നിയോഗിക്കാറുണ്ട്. അത്യാഹിത വിഭാഗമുള്ള താലൂക്കാശുപത്രികളിൽ ഇതിനുമാത്രമായി ഒരു ഡോക്ടറും ഉണ്ടായിരിക്കും. ഏഴിൽ താഴെമാത്രം ഡോക്ടർമാരുള്ള താലൂക്കാശുപത്രികളിൽ ഉച്ചയ്ക്ക് ഒരു മണിയ്ക്കുശേഷം കാൾ ഡ്യൂട്ടി സമ്പ്രദായമാണുള്ളത്.

(ബി) 1994 മുതലാണ് ഇത് കൂടുതൽ കാര്യക്ഷമമാക്കിയത്. അതിനു മുമ്പും ഏതാണ്ട് ഇതുപോലെ നടന്നിരുന്നു.

(സി)&(ഡി) സാധാരണ ഗതിയിലുള്ള പ്രവർത്തനങ്ങൾക്ക് ഇത് പര്യാപ്തമാണ്. എന്നിരുന്നാലും രോഗികളുടെ എണ്ണവും അധിക പ്രവർത്തന വിഭാഗങ്ങളും കണക്കിലെടുത്ത് തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധനയിലാണ്.

149 (1753) ആരോഗ്യവകുപ്പിന്റെ വാഹനങ്ങൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഭാരതസർക്കാർ, ലോകാരോഗ്യസംഘടന എന്നിവയുടെ പദ്ധതികൾപ്രകാരം വാങ്ങിയിട്ടുള്ള വാഹനങ്ങൾ എത്ര? ഇനം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര വാഹനങ്ങളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്; അവയുടെ നമ്പർ, ജോലി ചെയ്തുവരുന്ന ഡ്രൈവർമാർ, അവരുടെ നിയമനം താൽക്കാലികമാണോ പി. എസ്.സി. വഴിയാണോ എന്നുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) ഇവരുടെ നിയമനകാര്യത്തിൽ 5.8.1999ലെ ഒ.പി.നം: 21099/98. ഡയറക്ഷൻ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ഉൾപ്പെടെയുള്ള ആരോഗ്യവകുപ്പിൽ പ്രവർത്തിച്ചുവരുന്ന ആംബുലൻസുകൾ, പി.ആന്റ്.എ.ആർ.ഡി. സർക്കുലറിനു വിരുദ്ധമായി വാങ്ങിയിട്ടുള്ള വാഹനങ്ങൾ, അവയിൽ സേവനമനുഷ്ഠിക്കുന്ന ഡ്രൈവർമാർ, അവരുടെ നിയമനം പി.എസ്.സി. വഴിയാണോ; താൽക്കാലികമാണോ എന്നീ വിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഇ) ഇത്തരം വാഹനങ്ങളിലെ ഡ്രൈവർമാരുടെ നിയമനങ്ങളിൽ ഒ.പി.നം:21099/98 ഡയറക്ഷൻ പാലിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരോഗ്യവകുപ്പിൽ ഭാരതസർക്കാർ, യു.എൻ.എഫ്.പി.എ. എന്നിവയുടെ പദ്ധതികൾപ്രകാരം 59 വാഹനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 10 ജീപ്പും 27 സ്വരാജ് മസ്ദ ആംബുലൻസും, 10 സ്വരാജ് മസ്ദ മിനിബസ്സും, 4 മാരുതി-1000 കാറുകളും ഭാരത സർക്കാർ നൽകിയിട്ടുള്ളതും 8 മഹേന്ദ്ര ആംബുലൻസുകൾ യു.എൻ.എഫ്.പി.എ നൽകിയിട്ടുള്ളതാണ്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ആരോഗ്യവകുപ്പിൽ പി.ആന്റ്.എ.ആർ.ഡി. സർക്കുലറിന് വിരുദ്ധമായി വാഹനങ്ങൾ വാങ്ങിയിട്ടില്ല.

(ഇ) ഉണ്ട്.

150 (1754) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചികിൽസാസൗകര്യങ്ങൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ദിവസം എത്ര രോഗികളെ ചികിൽസിക്കുന്നതിനുള്ള സൗകര്യമാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) ഒരു ദിവസം എത്ര രോഗികളെ ശരാശരി അവിടെ അഡ്മിറ്റ് ചെയ്യാറുണ്ടെന്ന് അറിയിക്കുമോ;

(സി) നിലവിലുള്ള സൗകര്യങ്ങളും രോഗികളുടെ എണ്ണവും തമ്മിലുള്ള വ്യത്യാസം പരിഗണിച്ച് അടിയന്തിരമായി മെച്ചപ്പെട്ട വൈദ്യസഹായം രോഗികൾക്ക് ലഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) കെട്ടിടസൗകര്യം വർദ്ധിപ്പിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ദിവസം 1379 രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യമാണ് നിലവിലുള്ളത്.

(ബി) ഒരു ദിവസം ശരാശരി 180 രോഗികളെ അഡ്മിറ്റ് ചെയ്യാറുണ്ട്.

(സി)&(ഡി) കൂടുതൽ വാർഡുകൾ സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക്-ട്രോമാകെയർ സെന്റർ എന്നിവ തുടങ്ങാൻ പദ്ധതിയുണ്ട്. ഇതിലേക്കായി സ്റ്റാഫിന്റെ കുറവ് പരിഹരിക്കേണ്ടതുണ്ട്. രോഗനിർണ്ണയത്തിനും ചികിൽസയ്ക്കും വേണ്ട ഉപകരണങ്ങൾ വാങ്ങിക്കുവാൻ നടപടികൾ നടന്നു കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly